RCS/ 2315/2020സി.ബി.(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891,
തീയതി : **08.04.2020.**

## സർക്കുലർ നമ്പർ -30/2020

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേനയുളള "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി- (CM's Helping Hand Loan Scheme-CMHLS)" സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം:- 1. സർക്കാരിന്റെ 04.04.2020 തീയതിയിലെ സ.ഉ(സാധാ)നം.736/2020/ത.സ്വ.ഭ.വ. ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.04.2020 തീയതിയിലെ KSHO/8943/C/18 നമ്പർ സർക്കുലർ

******

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുളള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുളള 2,000/- കോടി രൂപയുടെ വായ്പാപദ്ധതിയായ **"മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)"** കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത പദ്ധതിയുടെ നടപടിക്രമം പരാമർശം (2) പ്രകാരം കുടുംബശ്രീ മിഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ ടി പദ്ധതി സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുളള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ **(കേരള ബാങ്ക്)** ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് **"മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)"** നടപ്പിലാക്കേണ്ടത്.

2. കോവിഡ്-19 മഹാമാരി പ്രത്യക്ഷമായോ പരോക്ഷമായോ ബാധിച്ച ആളുകൾക്കുള്ള അടിയന്തിര ധനസഹായം എന്ന നിലയിലാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ലോക്ക് ഡൗൺ കാരണമായി തൊഴിൽനഷ്ടമായവരും കച്ചവട നഷ്ടമുണ്ടായവരും വരുമാനനഷ്ടമുണ്ടായവരും ഇതിലുൾപ്പെടുന്നതാണ്. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കുള്ള ഉപഭോക്തൃ വായ്പയായി ഈ വായ്പയെ കണക്കാക്കാവുന്നതാണ്.
3. 2019 ഡിസംബർ 31-ന് മുൻപ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. ടി അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പയെടുത്തിട്ടുണ്ടെങ്കിൽ അതേ ബാങ്കുകളും, ഇതുവരെ വായ്പ എടുത്തിട്ടില്ലെങ്കിൽ അവർക്ക് സേവിംഗ്സ് അക്കൗണ്ടുള്ള ബാങ്കുകളും മുഖേനയാണ് വായ്പ അനുവദിക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ പരിധി ഉയർത്തിയോ (ടോപ്പ്-അപ്പ്) ഈ വായ്പ അനുവദിക്കേണ്ടതാണ്. പരാമർശം (1), (2) എന്നിവയിലെ നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി ബന്ധപ്പെട്ട സി.ഡി.എസ്. ശുപാർശയോടെ സഹകരണ ബാങ്കുകളെ, സംഘങ്ങളെ സമീപിക്കുന്ന അയൽക്കൂട്ടങ്ങൾക്കാണ് വായ്പ നൽകേണ്ടത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്(അനുബന്ധം - I, II).
4. കോവിഡ് -19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000/- എന്നിങ്ങനെ പരമാവധി 20,000/- രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ്. നിലവിൽ ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാ തുകയായ 10 ലക്ഷം രൂപയുടെ പരിധിക്ക് വിധേയമായി ഒരു അയൽക്കൂട്ടത്തിന് ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപ വരെയാണ്. ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രമേ വായ്പ അനുവദിക്കാൻ പാടുള്ളു. ഒരു അയൽക്കൂട്ടത്തിന് അനുവദനീയമായ പരമാവധി തുകയിലധികരിക്കാതെ ഒന്നിൽക്കൂടുതൽ വായ്പകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് സെക്യൂരിറ്റിയോ മാർജിൻ മണിയോ ഉണ്ടായിരിക്കുന്നതല്ല.
5. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ, ബാങ്കുകൾക്ക് മുതലും പലിശയും നിശ്ചയിച്ച് നൽകിയിട്ടുള്ള സമയ പരിധിക്കുള്ളിൽ തിരിച്ചടവ് നടത്തേണ്ടതുമാണ്. വായ്പയുടെ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക ലഭ്യമാക്കുന്നതുമാണ്. ഇതിനായി വായ്പ പലിശ യഥാസമയം കണക്കാക്കി കുടുംബശ്രീ മിഷൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. 6 മാസം മൊറട്ടോറിയം ഉൾപ്പടെ 36

മാസമായിരിക്കും വായ്പാ കാലാവധി. മൊറട്ടോറിയം കാലാവധിക്കു ശേഷം അയൽക്കൂട്ടങ്ങൾ പലിശ ഉൾപ്പെടെയുള്ള EMI തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. വായ്പാ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യം ഉണ്ടായാൽ അയൽക്കൂട്ടങ്ങളിൽ നിന്ന് വായ്പാ തുക തിരിച്ചു പിടിക്കാൻ ബാങ്കുകൾക്ക് നിലവിലെ രീതിയിൽ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

6. അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് ഒരോ ജില്ലയ്ക്കും അനുവദിക്കേണ്ട വായ്പാ പരിധി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിശ്ചയിക്കുന്നതിനനുസരിച്ച് വായ്പ അനുവദിക്കേണ്ടതാണ്.
7. ടി പദ്ധതി പ്രകാരം ഒരോ മാസവും അനുവദിച്ചിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം-III പ്രകാരമുള്ള പ്രൊഫോർമയിൽ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുൻപായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എ. അലക്സാണ്ടർ ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-
1) സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)
3) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
5) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
6) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
7) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
8) സെക്രട്ടറി, എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന)
9) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
11) എഡിറ്റർ, സഹകരണവീഥി
12) വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(പി&എം.ബി)

അനുബന്ധം - I

File No.LSGD-IA1/108/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കോവിഡ്-19 വ്യാപനത്തിൻെറ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/- കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.736/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 04/04/2020

---

പരാമർശം:- 1 24-3-2020-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കുടുംബശ്രീ, എസ്.എൽ.ബി.സി. പ്രതിനിധികൾ എന്നിവരുമായി നടത്തിയ യോഗത്തിൻെറ നടപടിക്കുറിപ്പ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27-3-2020-ലെ 8943/സി/18/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

കൊവിഡ്-19 വ്യാപനം തടയുന്നതിൻെറ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തന്മൂലം സാധാരണക്കാർക്ക് ഉണ്ടാവുന്ന ദുരിതവും കണക്കിലെടുത്ത് ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഉൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2000/- കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" ചുവടെ ചേർക്കുന്ന ഉപാധികളോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. കുടുംബശ്രീ വഴി നടപ്പാക്കുന്ന "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി "(CM's Helping Hand Loan Scheme - CMHLS)" മുഖേന വിതരണം ചെയ്യുന്ന വായ്പയുടെ ആകെ തുക 2000/- കോടി രൂപ ആയിരിക്കും.

2. കൊവിഡ്-19 നിമിത്തം അയൽക്കൂട്ടാംഗത്തിന് / കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000/- എന്നിങ്ങനെ പരമാവധി 20,000/- രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ് .

3. 2019 ഡിസംബർ 31-ന് മുൻപ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ ലഭ്യമാക്കുക. ടി അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പ എടുത്തിട്ടുണ്ടെങ്കിൽ അതേ ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ), ഇതുവരെ വായ്പ എടുത്തിട്ടില്ലെങ്കിൽ അവർക്ക് സേവിംഗ്സ് അക്കൗണ്ടുള്ള ബാങ്കുകളും (ഷെഡ്യൂൾഡ് / സഹകരണ ബാങ്കുകൾ) മുഖേനയാണ്

വായ്പ അനുവദിക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ പരിധി ഉയർത്തിയോ (ടോപ് അപ്പ്) ഈ വായ്പ അനുവദിക്കേണ്ടതാണ്.

4. ബാങ്കുകൾ 8.5% മുതൽ 9 % വരെ പലിശയ്ക്ക് (പരമാവധി 9% ) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും വായ്പയുടെ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്. ഇതിനായി വായ്പാ പലിശ യഥാസമയം കണക്കാക്കി കുടുംബശ്രീ മിഷൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ് .

5. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമായിരിക്കും വായ്പാ കാലാവധി .

6. മൊറട്ടോറിയം കാലാവധിയ്ക്കു ശേഷം അയൽക്കൂട്ടങ്ങൾ പലിശ ഉൾപ്പെടെയുള്ള EMI തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശതുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ് .

7. കൊവിഡ്-19 നിമിത്തം കഷ്ടത അനുഭവിക്കുന്നതും സാമ്പത്തിക സഹായം ആവശ്യമുള്ളതുമായ ഒരു അയൽക്കൂട്ട കുടുംബവും വായ്പാ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടാൻ പാടുള്ളതല്ല. എന്നാൽ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വേതനം / പെൻഷൻ ലഭിക്കുന്ന അയൽക്കൂട്ടാംഗങ്ങളോ കുടുംബാംഗങ്ങളോ ഉണ്ടെങ്കിൽ (പ്രതിമാസം 10,000/- രൂപയോ അതിന് മുകളിലോ കുടുംബത്തിന് ആകെ വരുമാനം) അവർക്ക് ഈ വായ്പ അനുവദിക്കുന്നതല്ല. ഓണറേറിയം, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവ ലഭിക്കുന്ന അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നൽകാവുന്നതാണ് .

8. അയൽക്കൂട്ടാംഗങ്ങളുടെ അർഹതാമാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതനുസരിച്ച് അവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് വായ്പ നൽകുന്നതിനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയുമായും സഹകരണ രജിസ്ട്രാറുമായും കരാറിൽ ഒപ്പുവയ്ക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. അയൽക്കൂട്ടാംഗങ്ങളുടെ എണ്ണവും മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് ഓരോ ജില്ലയ്ക്കും അനുവദിക്കേണ്ട വായ്പാപരിധി എക്സിക്യൂട്ടീവ് ഡയറക്ടർ നിശ്ചയിക്കേണ്ടതും അതനുസരിച്ച് വായ്പ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ് .

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ഉണ്ട്.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03/04/2020-ലെ U.O.(Remarks)No.ധവ-2/79/2020-LSGD പ്രകാരം)
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അനുബന്ധം - II

# സംഗ്രഹം

കോവിഡ് 19 ചെറുത്തു നിൽപ്പിനായി കേരള സർക്കാർ പ്രഖ്യാപിച്ച
**മുഖ്യ മന്ത്രിയുടെ സഹായഹസ്തം വായ്പ (CM's Helping Hand Loan Scheme-CMHLS) പദ്ധതിയുടെ നടത്തിപ്പ് - വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്**
**സൂചന: സ.ഉ.(കൈ) 736/2020/ത.സ്വ.ഭ.വ തിരുവനന്തപുരം തീയതി 4/4/2020**

**KSHO/8943/C/18** **dated.08/04/2020**

## സർക്കുലർ

കഴിഞ്ഞ രണ്ടുവർഷകാലത്തെ പ്രളയക്കെടുതിയിൽനിന്ന് കരകയറാനുള്ള ജനങ്ങളുടെ ഭഗീരഥ പ്രയത്നത്തിനു മുൻപിലാണ് കൊറോണയെന്ന വൈറസിന്റെ ആഗമനം. ഈ മഹാമാരിയിൽ നിന്ന് രക്ഷ നേടാൻ സാമൂഹിക അകലം പാലിക്കുക എന്നതിനപ്പുറം മറ്റൊരു മാർഗ്ഗവും ഇല്ലാത്ത സാഹചര്യത്തിൽ നിലവിൽ ഇന്ത്യ ഒട്ടാകെ ലോക്കഡൗണിൽ ആണ് . ഈ അവസ്ഥയിൽ ഏകദേശം 2 മാസക്കാലമെങ്കിലും സാധാരണക്കാരന്റെ തൊഴിൽ ജീവിതം ബാധിക്കപ്പെട്ടേക്കാമെന്നും ഓരോ കുടുംബവും തങ്ങളുടെ നിത്യ ചെലവിനുപോലും കഷ്ടപ്പെട്ടേക്കാം എന്നും മുൻകൂട്ടി കണ്ടു അതിനെ തടയിടാൻ സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ (CM's Helping Hand Loan Scheme- CMHLS). 2018 -ൽ നടപ്പിലാക്കിയ RKLS പദ്ധതി യുടെ മാതൃകയിൽ സർക്കാരും ബാങ്കും കുടുംബശ്രീയും ചേർന്ന അയൽക്കൂട്ട വായ്പ പദ്ധതിയായാണ് ഇത് നടപ്പിലാക്കുക.

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി കേരള സർക്കാർ വിഭാവനം ചെയ്ത കുടുംബശ്രീയിൽ നിലവിൽ 43 ലക്ഷം അംഗങ്ങളാണുള്ളത് ഒരു കുടുംബത്തിലെ ഒരാൾ എന്ന നിലയ്ക്ക് ഇവർ 43 ലക്ഷം കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സന്നദ്ധരായ എല്ലാ കുടുംബത്തിലേയും ഒരു സ്ത്രീയെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി തുടർച്ചയായ പരിശ്രമം കുടുംബശ്രീ നടത്തി വന്നിട്ടുണ്ട് . ഈ സാഹചര്യത്തിൽ സമൂഹത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള 80% കുടുംബങ്ങളെയും കുടുംബശ്രീ പ്രതിനിധാനം ചെയ്യുന്നതിനാൽ കുടുംബശ്രീയുടെ ബൃഹത്തായ സംഘടനാ സംവിധാനത്തിലൂടെ സാമ്പത്തിക സഹായം ആവശ്യമായവരെ കണ്ടെത്തുന്നതിനും അവർക്ക് ബാങ്ക്വായ്പയിലൂടെ അടിയന്തിര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും സർക്കാരിന്റെ പിന്തുണയോടെ കുടുംബശ്രീയ്ക്ക് സാധ്യമാകും

സൂചന ഉത്തരവു പ്രകാരം തുടർ നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ CMHLSപദ്ധതിയുടെ നടപടിക്രമം താഴെപ്പറയുന്ന പ്രകാരം അംഗീകരിച്ച് പുറപ്പെടുവിക്കുന്നു

## 1. CMHLS പദ്ധതിയുടെ ലക്ഷ്യം

കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക് ഡൌൺ മൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തു സാധാരണക്കാർക്ക് അടിയന്തിര വായ്പ സഹായം ലഭ്യമാക്കുക.

## 2. ഗുണഭോക്താവ് ആര്?

പ്രത്യക്ഷമായോ പരോക്ഷമായോ കോവിഡ് 19 എന്ന മഹാമാരിയുടെ പ്രത്യാഘാതങ്ങൾക്ക് ഇരയാകേണ്ടി വന്ന വരുമാനം നിലച്ചുപോയ കുടുംബങ്ങളിലെ കുടുംബശ്രീ അംഗങ്ങളാണ് ഈ വായ്പ പദ്ധതിയിൽ ഉൾപ്പെടുക.

## 3. പദ്ധതി സവിശേഷതകൾ

**a. പദ്ധതി നടപ്പാക്കൽ:** കുടുംബശ്രീ അയൽക്കൂട്ട വായ്പയായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. കുടുംബശ്രീ അയൽക്കൂട്ടത്തിനായിരിക്കും വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടം, അർഹരായ വ്യക്തിഗത അപേക്ഷകർക്ക് (അയൽക്കൂട്ട അംഗങ്ങൾക്ക് മാത്രം )തുകലഭ്യമാക്കും. 31 ഡിസംബർ 2019 നു മുമ്പായി രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് വായ്പ ലഭ്യമാകുന്നത്. അയൽക്കൂട്ടങ്ങൾ ഒരു തവണയെങ്കിലും വായ്പ എടുത്തിട്ടുള്ള സാഹചര്യത്തിൽ അതേ ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ), അയൽക്കൂട്ടങ്ങൾ ഇതുവരെ വായ്പ എടുക്കാത്ത സാഹചര്യത്തിൽ സേവിംഗ്സ് അക്കൗണ്ട് ഉള്ള ബാങ്കുകളും (ഷെഡ്യൂൾഡ്/സഹകരണ) ആയിരിക്കും പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കേണ്ടത്. ബാങ്കുകൾ പുതിയ ലിങ്കേജ് വായ്പയായോ നിലവിലുള്ള വായ്പയുടെ വായ്പാപരിധി ഉയർത്തി(ടോപ്പ് അപ്പ്) നൽകുകയോ ചെയ്യാവുന്നതാണ്.

**b. വായ്പാ പരിധി:** അയൽക്കൂട്ട അംഗത്തിന്/ കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്കും ആനുപാതികമായി ഒരംഗത്തിനു 5000/10000/15000 എന്നിങ്ങനെ പരമാവധി 20000 രൂപവരെയാണ് ഒരു വ്യക്തിക്ക് ലഭിക്കുന്നത്. ഇത്തരത്തിൽ 12 അംഗങ്ങളുള്ള അയൽക്കൂട്ടത്തിൽഎല്ലാവരും വായ്പക്ക് അർഹരാണെങ്കിൽ അയൽക്കൂട്ടത്തിനു ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വായ്പ തുക 60,000 പരമാവധി വായ്പത്തുക 2.4ലക്ഷം രൂപയു മായിരിക്കും . അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടും സാമ്പത്തിക സ്ഥിതിയും പലിശ രഹിത വായ്പയായി സർക്കാർ തീരുമാനിച്ച 2000 കോടി രൂപയുടെ പരിധിയും കണക്കിലെടുക്കേണ്ടതിനാൽ എല്ലാവർക്കും ഒരേ തുക ലഭ്യമായി എന്നും വരില്ല

**ഉദാഹരണത്തിന്**

പ്രസ്തുത സാഹചര്യത്തിൽ ജോലിക്ക് പോകാൻ കഴിയാത്ത വാടക വീട്ടിൽ താമസിയ്ക്കുന്ന രോഗികൾ വീട്ടുലുള്ള എന്നാൽ ഇതുവരെയുള്ള വായ്പ കൃത്യമായി അടച്ചിട്ടുള്ള ഒരംഗത്തിനു ചിലപ്പോൾ 10000 രൂപ വേണ്ടി വരുമ്പോൾ ഈ കാലയളവിൽ വരുമാനം ലഭ്യമാകാത്ത ഒരംഗത്തിനു 5000 രൂപ മതിയാകും. ചിലർക്ക് വായ്പയുടെ ആവശ്യം നിലവിൽ ഉണ്ടായെന്നും വരില്ല. ആയതിനാൽ അയൽക്കൂട്ടങ്ങൾ ആവശ്യത്തിനനുസരിച്ച് മാത്രം വായ്പ ആവശ്യപ്പെടേണ്ടതാണ്. ഒരു ഉദാഹരണം താഴെ പറയാം

| | |
|---|---|
| ആകെ അംഗങ്ങൾ | 12 |
| വായ്പ ആവശ്യപ്പെട്ടവർ | 8 |
| 20000 രൂപ അനുവദിക്കാവുന്നവർ | 0 (0*20000=0) |
| 15000 രൂപ അനുവദിക്കാവുന്നവർ | 1 (1*15000=15000) |
| 10000 രൂപ അനുവദിക്കാവുന്നവർ | 1 (1*10000=10000) |
| 5000 രൂപ അനുവദിക്കാവുന്നവർ | 6 (6*5000=30000) |
| ആകെ വായ്പ തുക ( 8പേർക്ക്) | 55,000 |

c. **തിരിച്ചടവ് കാലാവധി :** 3വർഷം വരെയായിരിക്കും തിരിച്ചടവു കാലാവധി. 6 മാസം മോറട്ടോറിയം ഉൾപ്പെടെ 36 മാസം ആയിരിക്കും വായ്പാ കാലാവധി. മോറട്ടോറിയം എന്നാൽ തിരിച്ചടവ് അവധി എന്നർത്ഥം. അതായത് 6 മാസം വരെ അയൽക്കൂട്ടങ്ങൾക്ക് തിരിച്ചടവ് അവധി ബാങ്കുകളോട് ആവശ്യപ്പെടാവുന്നതാണ്. അങ്ങനെ തിരിച്ചടവ് അവധി ആവശ്യപ്പെട്ടുള്ള അയൽക്കൂട്ടങ്ങൾ അവർ ആവശ്യപ്പെട്ട മൊറട്ടോറിയത്തിനുശേഷം വായ്പ തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും. ഇത്തരത്തിൽ വായ്പ തിരിച്ചടവുൾപ്പടെ 36 മാസമാണ് വായ്പ കാലാവധി. അയൽക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ 36 മാസത്തിൽ കുറഞ്ഞ തിരിച്ചടവ് കാലാവധിയും ബാങ്കുകളോട് ആവശ്യപ്പെടാം. ഉദാ. ഒരു അയൽക്കൂട്ടത്തിനു 30 മാസത്തെ വായ്പ കാലാവധി 3 മാസം മോറട്ടോറിയം ഉൾപ്പെടെ ബാങ്കുകളോട് ആവശ്യപ്പെടാവുന്നതാണ് . ഈ സാഹചര്യത്തിൽ വായ്പ ലഭ്യമായ ആദ്യത്തെ 3 മാസത്തിനുശേഷം ബാങ്ക് ആവശ്യപ്പെടുന്ന ഈ എം ഐ വ്യവസ്ഥയിൽ അടുത്ത 27 മാസത്തിനുള്ളിൽ തിരിച്ചടവ് പൂർത്തിയാക്കിയാൽ മതിയാകും

d. **വായ്പയുടെ പലിശ:** വായ്പയുടെ പലിശ (9%) സർക്കാർ വഹിക്കും. ബാങ്ക് 9% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും ഈ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. അയൽക്കൂട്ടങ്ങൾ പലിശയുൾപ്പെടെയുള്ള തുകയാണ് ഈ എം ഐ വ്യവസ്ഥയിൽബാങ്കിലേക്ക് തിരിച്ചടക്കുക . ഇതിലെ പലിശ വിഹിതം കുടുംബശ്രീ കണക്കാക്കി സർക്കാരിൽനിന്നു ലഭ്യമാക്കുന്ന മുറക്ക് അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതാണ്

## 4. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്

രണ്ടായിരം കോടി രൂപയുടെ പലിശ രഹിത വായ്പയ്ക്കായി അർഹരായവരെ മാത്രം കണ്ടെത്തി നല്കണമെന്നതിനാൽ 3 ഘട്ടങ്ങളിലായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാവുന്നതാണ്

a. **ഒന്നാംഘട്ടം :** വായ്പക്ക് അർഹതയുള്ള അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുക്കലാണ് ഒന്നാംഘട്ടം.ഈ ഘട്ടം അവസാനിക്കുമ്പോൾ CMHLS പദ്ധതി പ്രകാരം വായ്പ ലഭിക്കാൻ അർഹതയുള്ള ആകെ അയൽക്കൂട്ടങ്ങളുടെ കണക്ക് ലഭ്യമാകും. ഇത്തരത്തിൽ ഒഴിവാക്കേണ്ടി വരുന്ന അയൽക്കൂട്ടങ്ങളുടേയും ചില പ്രേത്യേക സാഹചര്യം കണക്കിലെടുത്തു ഉൾപ്പെടുത്തേണ്ടി വരുന്ന അയൽക്കൂട്ടങ്ങളുടേയും വിവരം ചുവടെ ചേർക്കുന്നു

### CMHLS പദ്ധതിയിൽ നിന്ന് ഒഴിവാക്കേണ്ട അയൽക്കൂട്ടങ്ങൾ

- ✓ കോവിഡ് 19 മൂലം അയൽക്കൂട്ട അംഗങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ തൊഴിൽ നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ
- ✓ കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി ഡി എസ്) യിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലാത്തതും 2018-19 വർഷം അംഗത്വം പുതുക്കിയിട്ടില്ലാത്തതുമായ അയൽക്കൂട്ടം

- ✓ 2018-19 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്ത അയൽക്കൂട്ടം(മാർച്ചിൽ ഓഡിറ്റിംഗിനായി ഷെഡ്യൂൾ ചെയ്തിരുന്ന അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നെങ്കിൽ -ലോക്ക് ഡൌൺ കാരണം ഓഡിറ്റിംഗ് നടക്കാനുള്ള സാധ്യതയില്ലാത്തതിനാൽ-അത്തരംഅയൽക്കൂട്ടങ്ങളെ വായ്പക്കായി മറ്റു മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന പക്ഷംപരിഗണിക്കാവുന്നതാണ് )
- ✓ വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയിട്ടുള്ള അയൽക്കൂട്ടം
- ✓ നിലവിൽ രണ്ടിൽ കൂടുതൽ (രണ്ട് വായ്പ വരെയാകാം) വായ്പ ഉള്ള അയൽക്കൂട്ടം ( ബാങ്ക് ലിങ്കേജ് വായ്പ , കെ എസ് ബി സി ഡി സി വായ്പ, ആർ കെ എൽ എസ് എന്നിങ്ങനെ )
- ✓ കുടുംബശ്രീ സംസ്ഥാന മിഷൻ/ജില്ലാ മിഷൻ എം ഐ എസിലേക്ക് ( നഗരം/ ഗ്രാമം) ആവശ്യപ്പെട്ടുള്ള വിവരങ്ങൾ കഴിഞ്ഞ ആറ് മാസമായി(സപ്റ്റംബർ 2019 മുതൽ ) നൽകാത്ത അയൽക്കൂട്ടം

**പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ചില പ്രത്യേക സാഹചര്യമുള്ള അയൽക്കൂട്ടങ്ങൾ**

- ✓ നന്നായി വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന അയൽക്കൂട്ടം പ്രത്യേക സാഹചര്യത്തിൽ പിരിഞ്ഞു രണ്ടു അയൽക്കൂട്ടങ്ങളായി രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സി ഡി എസിന്റെ ശുപാർശക്ക് അനുസരിച്ച് വായ്പക്കായി പരിഗണിക്കാവുന്നതാണ്. ( എന്നാൽ ഇവർക്ക് വായ്പ അനുവദിക്കുന്നത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം ബാങ്കുകൾക്കായിരിക്കും അയൽക്കൂട്ട ബാങ്ക് അക്കൗണ്ട് 6 മാസം ആയിട്ടില്ലെങ്കിൽ വായ്പ അപേക്ഷ ബാങ്ക് പരിഗണിച്ചു എന്ന് വരില്ല)
- ✓ സമ്പാദ്യ വായ്പ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്പെഷ്യൽ അയൽക്കൂട്ടങ്ങളേയും മേല്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി വായ്പക്കായി പരിഗണിക്കാവുന്നതാണ് ( വയോജന അയൽക്കൂട്ടങ്ങൾ ഒഴികെ. ഇവരെ ബാങ്ക് പരിഗണിക്കില്ല) .
- ✓ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സി ഡി എസ് പ്രവർത്തിയ്ക്കാതിരിന്നതിനാൽ അഫിലിയേറ്റ് ചെയ്യാൻ കഴിയാത്ത അയൽക്കൂട്ടങ്ങൾ

**b.** **രണ്ടാംഘട്ടം :** ഒന്നാം ഘട്ടത്തിൽ ഒഴിവാക്കപ്പെടാത്ത ( വായ്പക്ക് അർഹത നേടിയ) അയൽക്കൂട്ടങ്ങളിൽനിന്നും അർഹരായ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ഘട്ടം. ഈ ഘട്ടം അവസാനിക്കുമ്പോൾ CMHLS പദ്ധതി പ്രകാരം വായ്പ ലഭിക്കാൻ അർഹതയുള്ള ആകെ അംഗങ്ങളുടെ കണക്ക് ലഭ്യമാകും. ഇത്തരത്തിൽ ഒഴിവാക്കേണ്ടി വരുന്ന അയൽക്കൂട്ട അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

**CMHLS പദ്ധതിയിൽ നിന്ന് ഒഴിവാക്കേണ്ട അയൽക്കൂട്ടഅംഗങ്ങൾ**

- ✓ സർക്കാർ/അർദ്ധസർക്കാർ, സ്ഥാപനങ്ങളിൽ നിന്നും 10,000 രൂപയോ അതിന് മുകളിലോ വേതനം/പെൻഷൻ/ ഓണറേറിയം ലഭിക്കുന്ന അയൽക്കൂട്ടാംഗങ്ങളോ കുടുംബാംഗങ്ങളോ ഉണ്ടെങ്കിൽ.
- ✓ ലോക്ക് ഡൌൺ സമയത്തും പ്രവർത്തിച്ചുവരുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന 10000 രൂപയിൽ കൂടുതൽ വേതനമുള്ള അയൽക്കൂട്ടാംഗങ്ങളോ കുടുംബാംഗങ്ങളോ ഉണ്ടെങ്കിൽ. (ഉദാഹരണം പല വ്യഞ്ജനം, പച്ചക്കറി, മരുന്ന് , തുടങ്ങിയ സർക്കാർ അവശ്യ സേവനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവ)
- ✓ വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയിട്ടുള്ളവ
- ✓ വ്യക്തമായ(അയൽക്കൂട്ടത്തിൽ ബോധ്യപ്പെടുത്തി അയൽക്കൂട്ടം അവധി അനുവദിച്ചവയല്ലാതെ) കാരണമില്ലാതെ മുന്ന് മാസത്തിൽ കൂടുതൽ അയൽക്കൂട്ട യോഗത്തിൽ തുടർച്ചയായി പങ്കെടുക്കാതിരുന്ന അയൽക്കൂട്ട അംഗങ്ങൾ

- ✓ നിലവിൽ മൂന്നിൽ (മൂന്ന് വായ്പ വരെയാകാം ) കൂടതൽ വായ്പ ഉള്ളവർ ( ലിങ്കേജ് വായ്പ, കെ എസ് ബി സി ഡി സി , മുറ്റത്തെമുല്ല, ആന്തരിക വായ്പ, ആർ കെ എൽ എസ് , സി ഈ എഫ് , ജെ എൽ ജി എന്നിങ്ങനെ )
- ✓ കോവിഡ്- 19 പശ്ചാത്തലത്തിൽ കേരള സർക്കാർ പ്രഖ്യാപിച്ച 10000 രൂപയിൽ കൂടുതലുള്ള ഏതെങ്കിലും ധനസഹായം ലഭിക്കാൻ അർഹതയുള്ള അയൽക്കൂട്ട അംഗം/കുടുംബാംഗങ്ങൾ . ഉദാഹരണം ക്ഷേമ നിധി ബോർഡുകൾ അനുവദിച്ചുവരുന്ന വായ്പ പദ്ധതി, ധനസഹായം തുടങ്ങിയവ

**C. മൂന്നാംഘട്ടം: ഈ ഘട്ടം അവസാനിക്കുമ്പോൾ ഓരോഅയൽക്കൂട്ടത്തിന്റെയും വായ്പ തുക നിശ്ചയിക്കപ്പെടും**

ദൈനംദിന തൊഴിലിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിക്കുകയും കോവിഡ് മൂലം വരുമാനം നിലച്ചുപോയവരുമായ പരമാവധി പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിനാൽ നമ്മുടെ അടിയന്തിര ആവശ്യം നിറവേറ്റുന്നതിന് മാത്രമായാണ് ഈ വായ്പ . അതായത് കോവിഡ് പശ്ചാത്തലത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ മാത്രമേ വായ്പ ആവശ്യപ്പെടാൻ പാടുള്ളു. ഇത്തരം സാഹചര്യത്തിൽ അടിയന്തിര ആവശ്യങ്ങൾ അതായത് ഭക്ഷണം , ചികിത്സ/മരുന്ന്,വാടക, 1000 രൂപക്കുള്ളിൽ ഒതുങ്ങുന്ന സ്വയം തൊഴിൽ (കോഴി വളർത്തൽ, അടുക്കള തോട്ടം എന്നിങ്ങനെ), എന്നിവക്കാവശ്യമായ വായ്പ തുകമാത്രമേ ആവശ്യപ്പെടാവൂ.

കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം (അംഗസംഖ്യക്ക് അനുസരിച്ച് ദൈനം ദിന ചെലവിൽ വ്യത്യാസം വരുമെന്നതിനാൽ ) , കുടുംബത്തിലെ വരുമാന ദായകരുടെ എല്ലാവരുടെയും തൊഴിൽ ഈ കാലയളവിൽ നഷ്ടപ്പെട്ടിട്ടുണ്ടോ , ഭക്ഷണം കൂടാതെ മറ്റേതെങ്കിലും അതായത് വാടക / ചികിത്സ എന്നിവക്കായി പണം അവശ്യമായി വരുന്നുണ്ടോ തുടങ്ങിയ തുടങ്ങിയ വിഷയങ്ങൾ വായ്പ പരിധി നിശ്ചയിക്കുന്നതിനായി പരിഗണിക്കാവുന്നതാണ്. ഇതനുസരിച്ച് ഒരു കുടുംബത്തിന്റെ അടിയന്തിര ആവശ്യം നിറവേറ്റുന്നതിനായി 5000/10000/15000/20000 രൂപ എന്നിങ്ങനെ വായ്പ പരിധി അയൽക്കൂട്ടത്തിനു നിശ്ചയിക്കാവുന്നതാണ്

മേല്പറഞ്ഞ സാഹചര്യങ്ങൾ വാസ്തവമാണെന്നു അയൽക്കൂട്ടം വിലയിരുത്തുകയും അംഗങ്ങളുടെ വായ്പ തിരിച്ചടവ് ശേഷിയും അയൽക്കൂട്ട പങ്കാളിത്തവും കണക്കിലെടുത്തു വായ്പ പരിധി ആവശ്യമെങ്കിൽ കുറക്കുകയും ചെയ്യാം.

**അയൽക്കൂട്ടത്തിന്റെ പ്രത്യേക ശ്രദ്ധക്ക് :** അയൽക്കൂട്ട അംഗങ്ങൾ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നുണ്ടെന്നും നിലവിൽ സർക്കാരിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ വേതനമായോ പെൻഷനായോ 10000 രൂപയിൽ കൂടുതൽ കൈപറ്റുന്നില്ല എന്നുള്ള സത്യവാങ്മൂലം വാങ്ങേണ്ടതാണ് ( ഫോർമാറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്). ഏതെങ്കിലും കാരണവശാൽ അർഹരെ ഒഴിവാക്കുകയോ അർഹരല്ലാത്തവർ വായ്പ കൈപ്പറ്റുകയോ ചെയ്യുന്നതായി പരാതി ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച വസ്തുനിഷ്ഠമാണെന്നു ബോധ്യമായാൽ തെറ്റായ വിവരം നൽകി വായ്പ ലഭ്യമായ അയൽക്കൂട്ട അംഗം/ അയൽക്കൂട്ടത്തിനു പലിശ വിഹിതം ലഭ്യമാകില്ല.

യാതൊരു ബാഹ്യ ഇടപെടലുകളും ഇക്കാര്യത്തിൽ ഉണ്ടാകാൻ പാടില്ല. അർഹതപ്പെട്ട തുക നിഷേധിക്കുന്ന സാഹചര്യമോ അർഹതയില്ലാത്ത തുക ശുപാർശ ചെയ്യുന്ന സാഹചര്യമോ ഉണ്ടാകാൻ പാടില്ല.

## 5. വായ്പാ തിരിച്ചടവ്

മോറട്ടോറിയം കാലാവധിക്കു ശേഷം അയൽക്കൂട്ടം പലിശയുൾപ്പെടെയുള്ള ഇ.എം.ഐ തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയുടെ പലിശ തുക സബ്സിഡിയായി 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ ലഭ്യമാക്കുന്നതാണ്. വായ്പാ തിരിച്ചടവിൽ മനപ്പൂർവ്വമായ വീഴ്ച്ചവരുത്തുന്ന അയൽക്കൂട്ട അംഗം/ അയൽക്കൂട്ടത്തിനു പലിശ വിഹിതം ലഭ്യമാകില്ല.

## 6. മോണിറ്ററിങ്

പദ്ധതിയുടെ ആരംഭം മുതൽ അർഹരായ എല്ലാ അയൽക്കൂട്ടങ്ങൾക്കും വായ്പാ ഉറപ്പാക്കുന്നതുവരെ പദ്ധതി പുരോഗതി എല്ലാ ദിവസവും മോണിറ്റർ ചെയ്യേണ്ടതാണ്

## 7. പ്രവർത്തന രീതി

a. **അർഹതയുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തുക:** വായ്പക്ക് അർഹതയുള്ള അയൽക്കൂട്ടങ്ങളെ എ ഡി എസ് തലത്തിൽ കണ്ടെത്തുകയാണ് ആദ്യമായി ചെയ്യേണ്ടത് . ഇതിനായി സി ഡി എസ്, എ ഡി എസിനു അഫിലിയേഷൻ, ഓഡിറ്റിംഗ് , വായ്പകളുടെ എണ്ണം, എം ഐ എസിൽ വിവരം നൽകിയതിന്റെ കൃത്യത, വായ്പ തിരിച്ചടവ് എന്നീ മാനദണ്ഡങ്ങളിൽ യോഗ്യതയുള്ള അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകേണ്ടതാണ് . എ ഡി എസ്, കോവിഡ് ബാധ മൂലമുണ്ടായ ക്ലേശങ്ങളെ അടിസ്ഥാനമാക്കി അർഹതയുള്ളതും വായ്പ ആവശ്യപ്പെട്ടതുമായ അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും അത്തരം അയൽക്കൂട്ടങ്ങളിലെ പ്രസിഡന്റിനോ സക്രെട്ടറിക്കോ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത അപേക്ഷ ഫോം നൽകുകയും വേണം. കൂടാതെ ലിസ്റ്റ് അനുസരിച്ച താഴെ പറയുന്ന മാതൃകയിലുള്ള ഒരു ഡാറ്റ സിഡി എസിനു നൽകുകയും വേണം. എ ഡി എസിൽനിന്നു ശേഖരിച്ച ഡാറ്റ കൺസോളിഡേറ്റ് ചെയ്ത് ജില്ലാമിഷന് നൽകേണ്ടതാണ്

| അയൽക്കൂട്ടത്തിന്റെ പേര് | അംഗങ്ങളുടെ എണ്ണം | അയൽക്കൂട്ടത്തിന്റെ ബാങ്ക് | ബ്രാഞ്ച് |
|---|---|---|---|
| | | | |

b. **ഒന്നാം ഘട്ട വിവര ശേഖരണം:** ജില്ലാ മിഷൻ, സി ഡി എസിൽനിന്നു ലഭിച്ച അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് സംസ്ഥാന മിഷന് നൽകുകയും വേണം. സംസ്ഥാന മിഷൻ അതാത് ബാങ്കുകൾക്ക് ബ്രാഞ്ച് തല വായ്പഅപേക്ഷകളുടെ എണ്ണം അറിയിക്കുകയും സുഗമമായി വായ്പ അപേക്ഷ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും

c. **അയൽക്കൂട്ട അംഗങ്ങളുടെ അപേക്ഷ :** അയൽക്കൂട്ട പ്രസിഡണ്ടോ സക്രെട്ടറിയോ ഇതിലെ അംഗങ്ങൾക്കുള്ള ഫോം പ്രിന്റു ചെയ്തത് ലഭ്യമായില്ലെങ്കിൽ വാട്സ് ആപ്പിലൂടെ ഷെയർ ചെയ്തു കൊടുത്താൽ മതിയാകും . ഇതിനെ വെള്ളപേപ്പറിൽ ഓരോരുത്തരും പൂരിപ്പിച്ച് പ്രസിഡന്റ്/സക്രെട്ടറി യെ തിരികെ ഏല്പിക്കേണ്ടതാണ് . പ്രസിഡന്റ്/സക്രെട്ടറി അയൽക്കൂട്ട അംഗങ്ങളുടെ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി വായ്പ പരിധി

നിർണയിച്ച് ഓരോരുത്തർക്കും അനുവദിക്കാവുന്ന പരമാവധി വായ്പത്തുക വാട്സ് ആപ്പിലൂടെ ഷെയർ ചെയ്യുക. **ഉദാഹരണം : അക്ഷയ അയൽക്കൂട്ടത്തിന്റെ വായ്പ ആവശ്യകത**

| |
|---|
| 1. ഉഷ : സർക്കാർ ജോലിയുള്ളതിനാൽ പരിഗണിക്കാൻ കഴിയില്ല |
| 2. രാധ 5000 |
| 3. വിമല 15000 |
| 4. .......... |
| 5. ........ |
| ആകെ 100000 |

ഇത്തരത്തിൽ അയൽക്കൂട്ട യോഗം ചേരാൻ കഴിഞ്ഞില്ലെങ്കിലും എല്ലാവരോടും ഫോണിലൂടെ ചർച്ച ചെയ്തു വേണം വായ്പ ആവശ്യകത എടുക്കേണ്ടത്. അംഗങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പരിഹരിക്കാൻ ശ്രമിക്കുക . പരിഹരിക്കാൻ കഴിയാത്തവയാണെങ്കിൽ എ ഡി എസിനെ അറിയിക്കുക . അയൽക്കൂട്ടത്തിലെ ഭൂരിഭാഗം അംഗങ്ങളും സമ്മതിച്ചാൽ അയൽക്കൂട്ടത്തിനു നൽകിയിട്ടുള്ള വായ്പ അപേക്ഷ പൂരിപ്പിച്ച് എ ഡി എസ് പ്രതിനിധിക്ക് കൈമാറുക.

d. **വായ്പ അപേക്ഷ സി ഡി എസിൽ എത്തിക്കൽ:** എ ഡി എസിൽ അയൽക്കൂട്ടങ്ങളുടെ അപേക്ഷ പരിശോധിച്ചു അവരുടെ വായ്പ ഡിമാൻഡ് മാനദണ്ഡങ്ങൾക്ക് വിധേയമാണെന്നു ബോധ്യപ്പെട്ടാൽ അത്തരം അയൽക്കൂട്ടങ്ങളുടെ വായ്പ ശുപാർശ ചെയ്ത് എ ഡി എസിൽ ലഭ്യമായ എല്ലാ അപേക്ഷ ഫോമും സി ഡി എസിൽ എത്തിക്കേണ്ടതാണ് .

e. **വായ്പ അപേക്ഷ ബാങ്കിൽ സമർപ്പിക്കൽ:** സി ഡി എസിൽ ഈ ഫോമുകൾ വീണ്ടും പരിശോധിക്കുകയും അപേക്ഷ ശരിയാണെന്നു ബോധ്യപ്പെട്ടാൽ അയൽക്കൂട്ടങ്ങൾ ലിങ്ക് ചെയ്തിട്ടുള്ള ബാങ്കുകളുമായി ചർച്ച ചെയ്യുകയും അപേക്ഷ ബാങ്കിൽ സമർപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്

f. **അപ്പീൽ കമ്മിറ്റി:** സി ഡി എസിൽ, സി ഡി എസ് ചെയർ പേഴ്സൺ കൺവീനർ ആയി,മെമ്പർ സക്രട്ടറി, സി ഡി എസ് തലത്തിൽ ഏറ്റവും കൂടുതൽ അയൽക്കൂട്ട ബാങ്ക് അക്കൗണ്ടുകളുള്ള രണ്ടു ബാങ്കിന്റെ പ്രതിനിധികൾ, സി ഡി എസ് അക്കൗണ്ടന്റ്, ബ്ലോക്ക് കോഓർഡിനേറ്റർ, എന്നിവർ അംഗങ്ങളായുള്ള ഒരു അപ്പീൽ കമ്മിറ്റി ഫോം ചെയ്യേണ്ടതാണ് അയൽക്കൂട്ടങ്ങളുടെ/ അംഗങ്ങളുടെ പരാതി എ ഡി എസിൽ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ ആയത് അപ്പീൽ കമ്മിറ്റിയെ ബോധിപ്പിക്കാവുന്നതാണ്.

g. **ജില്ല തല അപ്പീൽ കമ്മിറ്റി:** സി ഡി എസ് അപ്പീൽ കമ്മിറ്റിയിൽ പരിഹരിക്കപ്പെടാത്ത പരാതികൾ മാത്രം പരിഹരിക്കുന്നതിനായി ഡി എം സി കൺവീനർ ആയി, ലീഡ് ബാങ്ക് പ്രതിനിധി, സഹകരണ വകുപ്പ് ജോയിന്റ് റജിസ്ട്രാർ എ ഡി എം സി(സംഘടനാ/മൈക്രോഫിനാൻസ് ), എന്നിവർ അംഗങ്ങളായുള്ള ജില്ല തല അപ്പീൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്

h. **തിരിച്ചടവ് സംബന്ധിച്ച ഉറപ്പുവരുത്തൽ:** തിരിച്ചടവ് സംബന്ധിച്ച ഉറപ്പുവരുത്തൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ നിക്ഷിപ്തമായിരിക്കും. സി ഡി എസിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സി ബി ആർ എം കമ്മിറ്റിയിൽ പ്രസ്തുത വായ്പ പദ്ധതിയുടെ തിരിച്ചടവും ചർച്ച വിഷയമാക്കേണ്ടതാണ്

i. **പലിശ ലഭ്യമാക്കൽ:** വായ്പക്ക് താങ്ങായി (Subvention) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നു കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. പലിശ സബ്സിഡി സർക്കാരിൽനിന്നു ലാഭമാക്കുന്നതിനു ആവശ്യമായ വിവരങ്ങൾ സി ഡി എസ് ബാങ്കുകളിനിന്നു ശേഖരിച്ച് സമയാസമയങ്ങളിൽ ജില്ലാ മിഷന് നൽകേണ്ടതാണ്

## 8. പദ്ധതിയിൽ പങ്കാളിയാകുന്നവരുടെ ഉത്തരവാദിത്തങ്ങൾ

**a. അപേക്ഷക**

- ✓ പ്രസ്തുത സാഹചര്യത്തിൽ വായ്പക്ക് അർഹതയും ആവശ്യവുമുണ്ടെങ്കിൽ മാത്ര മായിരിക്കണം വായ്പാക്കായി അപേക്ഷിക്കേണ്ടത് . ഓരോ അംഗത്തിനും തന്റെ സാമൂഹിക പ്രതിബദ്ധത തെളിയിക്കാനുള്ള നല്ല അവസരമാണ് . ഒരാൾ സ്വയം ഒഴിവായത് അർഹരായ കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയും
- ✓ കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിലും പരിപാടികളിലും കൃത്യമായി പങ്കെടുക്കണം.
- ✓ ലോൺ കൃത്യമായി തിരിച്ചടക്കുന്നതിൽ അതീവ ജാഗ്രത പുലർത്തണം.

**b. അയൽക്കൂട്ടം**

- ✓ അർഹരായവർക്ക് മാത്രം ലോൺ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.
- ✓ ലോൺ അപേക്ഷകൾ സ്വീകരിക്കുകയും അംഗങ്ങളുമായി കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ✓ ലോൺ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പരിശ്രമിക്കുന്നു..
- ✓ ലഭ്യമായ ലോൺ തുക അപേക്ഷകർക്ക് കാലവിളംബം കൂടാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നു.
- ✓ ലോൺ തിരിച്ചടവ് ഉറപ്പാക്കുന്നു..
- ✓ ലോൺ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അംഗത്തെ നേരിൽ കണ്ട് പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. (ഉദാ. വായ്പ ലഭിച്ച ഗുണഭോക്താവിന്റെ സമ്പാദ്യത്തിൽനിന്ന് ലഭ്യമാക്കുക തുടങ്ങിയവ)
- ✓ ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് യഥാസമയം എ ഡി എസിനു കൈമാറുന്നു.
- ✓ ലഭ്യമായ ലോൺ തുക ശരിയായി വിനിയോഗിക്കുന്നതിന് അംഗത്തെ പ്രേരിപ്പിക്കുന്നു.

**c. എ ഡി എസ്**

- ✓ അയൽക്കൂട്ടങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കുന്നു..
- ✓ അപേക്ഷകൾ യാതൊരു പക്ഷപാതവും കൂടാതെ വേഗത്തിൽ ശുപാർശ രേഖപ്പെടുത്തി സി ഡി എസിന് കൈമാറുന്നു.
- ✓ ലോൺ തിരിച്ചടവ് നിരീക്ഷിക്കുന്നു.. സ്റ്റേറ്റ്മെന്റുകൾ യഥാസമയം അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് സി ഡി എസിന് കൈമാറുന്നു.
- ✓ പദ്ധതി പുരോഗതി വിലയിരുത്തുകയും വായ്പ ലഭ്യതക്കായി അയൽക്കൂട്ടങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും , പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ദിനം പ്രതി ശേഖരിച്ചു സി ഡി എസ്സിന് കൈമാറുകയും വേണം
- ✓ ഏതെങ്കിലും സാഹചര്യത്തിൽ ലോൺ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് പ്രശ്ന പരിഹാരം ഉണ്ടാക്കുന്നു.. വിവരങ്ങൾ യഥാസമയം സി ഡി എസിന് കൈമാറുന്നു.

**d. സി ഡി എസ്**

- ✓ എ ഡി എസുകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ കാലവിളംബം കൂടാതെ ബാങ്കുൾകൾക്ക് കൈമാറുന്നു.
- ✓ ലോക്കഡോൺ ഭാഗമായി ബാങ്കുകളിൽ സ്റ്റാഫുകളുടെ എണ്ണം കുറവാകാൻ സാധ്യതയുണ്ട്. കൂടാതെ ലോക്കഡോൺ അവസാനിച്ചാലും ബാങ്കിൽ കൂടുതൽ ഉപഭോക്താക്കളുടെ തിക്കും തിരക്കും അനുഭവപ്പെടാൻ സാധ്യതയുള്ള ഈ സാഹചര്യത്തിൽ ബാങ്കും സി ഡി എസും ചർച്ച ചെയ്തു ഒരു ടോക്കൺ വ്യവസ്ഥയിൽ അയൽക്കൂട്ടങ്ങളുടെ വായ്പ അപേക്ഷ സമർപ്പിക്കുന്നു.
- ✓ ലോൺ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- ✓ ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എം ഐ എസിൽ നാളിതീകരിക്കുന്നു..
- ✓ പലിശ സ്റ്റേറ്റ്മെന്റ്/ലോൺ വിതരണ സ്റ്റേറ്റ്മെന്റ് യഥാസമയം ജില്ലാമിഷനു കൈമാറുന്നു.
- ✓ CMHLS പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാ ദിവസവും (ജില്ലാ മിഷൻ ആവശ്യപ്പെടുന്നതുവരെ) അതാതു ദിവസം ഉച്ചക്ക് രണ്ടു മണിക്ക് മുൻപ് ജില്ലാ മിഷനു കൈമാറുന്നു.
- ✓ CMHLS പദ്ധതിയുടെ ഓഫീസ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം സി ഡി എസ് അക്കൗണ്ടന്റിനായിരിക്കും.

**e. ജില്ലാ മിഷൻ**

- ✓ പദ്ധതിക്കാവശ്യമായ പ്രചരണം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വഴി നൽകുന്നു.
- ✓ പദ്ധതിനടപ്പിലാക്കുന്നതിനാവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ✓ ബാങ്ക് ഉദ്യോഗസ്ഥരുടെ/ഭാരവാഹികളുമായി ചർച്ച ചെയ്തുപദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു.
- ✓ പദ്ധതി നടത്തിപ്പിനാവശ്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നു .ബ്ലോക്ക് കോഓർഡിനേറ്റർമാർക്ക് സി ഡി എസുകളുടെ ചുമതല നൽകുന്നു.
- ✓ തിരിച്ചടവ് കൃത്യമായി നിരിക്ഷിക്കുന്നു.
- ✓ പദ്ധതി ഗുണഭോക്താക്കൾക്കായി ആവശ്യമായ ബോധവത്ക്കരണ പരിപാടികളും മാനസിക പിന്തുണാ പരിപാടികളും സംഘടിപ്പിക്കുന്നു.
- ✓ പലിശ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന മിഷന് യഥാസമയം കൈമാറുന്നു.
- ✓ പദ്ധതിയുമായി ബന്ധപ്പെട്ട വെബ് ടേബിളുകൾ എല്ലാ ദിവസവും പകൽ മൂന്ന്മണിക്ക് മുൻപായി നാളിതീകരിക്കുന്നു.

**f. ബാങ്ക്**

- ✓ ലോൺ തുക സമയബന്ധിതമായി അയൽക്കൂട്ടത്തിന് അനുവദിക്കുക
- ✓ പലിശ സ്റ്റേറ്റ്മെന്റ്, ലോൺ വിതരണ സ്റ്റേറ്റ്മെന്റ് സി ഡി എസുകൾ ആവശ്യപ്പെടുന്ന മുറക്ക് കൈമാറുക.
- ✓ ലോൺ തിരിച്ചടവ് സംബന്ധമായ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽ സി ഡി എസിൽ പരിഹാരം ഉണ്ടാകാത്ത പക്ഷം ജില്ലാ മിഷന് കൈമാറുക.
- ✓ ലോൺ തിരിച്ചടവ് പുരോഗതി ബി എൽ ബി സിയിലും ഡി എൽ ബി സിയിലും ചർച്ച ചെയ്യുക.

- ✓ കോവിഡ് 19 ചെറുത്തു നിൽപ്പിനായി പ്രഖ്യാപിച്ച പദ്ധതി ആയതിനാൽ ടഘആഇ യിൽ അനുവദിച്ചിട്ടുള്ള താഴെ ചേർത്തിരിക്കുന്നഇളവുകൾ പാലിക്കുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കുക.
- ✓ വായ്പതുക അയൽക്കൂട്ട കോർപ്പസിന് ആനുപാതികമായി കണക്കാക്കേണ്ടതില്ല
- ✓ വായ്പാ ലഭ്യതയ്ക്ക് അയൽക്കൂട്ടം ആരംഭിച്ച് 3 മാസം പൂർത്തീകരിച്ചാൽ മതിയാകും

**g. സംസ്ഥാന മിഷൻ**

- ✓ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുക
- ✓ ആവശ്യമെങ്കിൽ തുടർമാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- ✓ പദ്ധതിയുടെ പ്രവർത്തന പുരോഗതി ദൈനംദിനം വിലയിരുത്തുക.
- ✓ പലിശ തുക സർക്കാരിൽ നിന്ന് യഥാസമയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ലഭിക്കുന്ന തുക അയൽക്കൂട്ടങ്ങൾക്ക് കൈമാറുക.
- ✓ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോഘട്ടത്തിലെയും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനാവശ്യനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- ✓ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ വിലയിരുത്തലും നിരീക്ഷണവും ഉറപ്പാക്കുക.
- ✓ CMHLSപദ്ധതിനടപ്പിലാക്കാനുള്ള സമയ ക്രമം

## 9. CMHLS പദ്ധതിനടപ്പിലാക്കാനുള്ള സമയ ക്രമം

| വിശദാംശം | പൂർത്തീകരിക്കേണ്ട തീയതി |
|---|---|
| വായ്പക്ക് അർഹതയുള്ള അയൽക്കൂട്ടങ്ങളുടെ തിരഞ്ഞെടുപ്പ്. | 11-04-2020 |
| ജില്ലാ മിഷൻ അയൽക്കൂട്ടങ്ങളുടെ ബാങ്ക് വൈസ് ലിസ്റ്റ് സംസ്ഥാന മിഷന് നൽകുന്നു | 13-04-2020 |
| ബാങ്കുകളുമായി സംസ്ഥാനതലത്തിൽ ചർച്ച ചെയ്ത അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം കൈക്കൊള്ളുന്നു | 13-04-2020 |
| വായ്പക്ക് അർഹതയുള്ള അയൽക്കൂട്ട അംഗങ്ങളുടെ തിരഞ്ഞെടുപ്പ്. | 14-04-2020 |
| അംഗങ്ങളുടെ വായ്പ പരിധി നിശ്ചയിക്കുകയും അയൽക്കൂട്ട വായ്പ അപേക്ഷ പൂരിപ്പിച്ച് എ ഡി എസിനു കൈമാറുകയും ചെയ്യുന്നു | 16-04-2020 |
| സിഡിഎസ് എ ഡി എസ് പ്രതിനിധികൾ വഴി അപേക്ഷ സ്വീകരിച്ച് പരോശോധിക്കുകയും ബാങ്കുകൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു | 18-04-2020 മുതൽ |
| ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കുന്നു | 22-04-2020 മുതൽ |

(signature)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

# CMHLS വായ്പയ്ക്കുള്ള അപേക്ഷ

## (കുടുംബശ്രീ അംഗം അയൽക്കൂട്ടത്തിന് സമർപ്പിക്കേണ്ടത്)

| | |
|---|---|
| അയൽക്കൂട്ടഅംഗത്തിന്റെ പേര്: | |
| അയൽക്കൂട്ടത്തിൽ അംഗമായ വർഷം | |
| അംഗീകൃത തിരിച്ചറിയൽ കാർഡ് നമ്പർ | |
| ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ | |
| നിലവിൽ വായ്പ ഉണ്ടോ | |
| ഉണ്ടെങ്കിൽ ഇനിയും എത്ര തുക തിരിച്ചടയ്ക്കണം? കാലാവധി എത്ര ? | |
| നിലവിൽ ഒരു മാസം ആകെ വേണ്ട വായ്പ തിരിച്ചടവ് തുക | |
| കുടുംബത്തിന്റെ മാസ വരുമാനം | |
| കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം | |
| കുടുംബത്തിലെ ജോലിക്കു പോകുന്നവരുടെ ആകെ എണ്ണം | |
| വരുമാന മാർഗ്ഗം | |
| കോവിഡ് 19 കാരണം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ. | |
| ഉണ്ടെങ്കിൽ എത്ര രൂപ | |
| വീട്ടിൽ രോഗികളുണ്ടെങ്കിൽ എണ്ണം<br>(അതായത് ചികിത്സക്കായി പണം ചെലവഴിക്കേണ്ടി വരുന്നവരുടെ എണ്ണം ) | |
| താമസം സ്വന്തം / വാടക | |

കേരള സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്ന മുഖ്യ മന്ത്രിയുടെ സഹായഹസ്തം വായ്പപദ്ധതി പ്രകാരം എന്റെ കുടുംബത്തിന്റെ ഏറ്റവും അടിയന്തിരമായ ചെലവുകൾക്ക് ആവശ്യമായ ——————രൂപ വായ്പയായി അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. കോവിഡ് 19 കാരണം എന്റെ കുടുംബവും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് . നിലവിൽ സർക്കാരിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ വേതനമായോ പെൻഷനായോ 10000 രൂപയിൽ കൂടുതൽ ഞാനോ എന്റെ കുടുംബാംഗങ്ങളോ കൈപറ്റുന്നില്ല. വായ്പ കൃത്യമായി തിരിച്ചടക്കുന്നതാണെന്നും ഇതു സംബന്ധമായ മുഴുവൻ നിബന്ധനകളും പാലിക്കുമെന്നും ഉറപ്പ് നൽകുന്നു. ഏതെങ്കിലും കാരണവശാൽ തിരിച്ചടവു മുടങ്ങുകയാണെങ്കിൽ ആയത് എന്നിൽനിന്നും എന്റെ സ്വത്തുക്കളിൽനിന്നും ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും അറിയിക്കുന്നു.വായ്പയായി റൊക്കം കൈപ്പറ്റിയ സംഖ്യയ്ക്ക് പ്രോമിസറി നോട്ട് ഈടായി നൽകുകയും ചെയ്യുന്നുണ്ട്.

**എന്ന്**

| | |
|---|---|
| **സാക്ഷിയുടെ** | **വായ്പക്കാരന്റെ** |
| പേരും | പേരും |
| ഒപ്പും | ഒപ്പും |

**Annexure- 2**

**പ്രോമിസറി നോട്ട്**

സംഖ്യ ................................രൂപ മാത്രം തീയതി:

മേൽ എഴുതിയ ................................രൂപയും .............................................................. അയൽക്കൂട്ടത്തിൽ കൃത്യമായ തവണ വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും അനുസരിച്ച് തിരികെ നൽകി ബോധ്യപ്പെടുത്തി കൊള്ളാമെന്ന് ........................... അംശം ........................................... ദേശത്ത് ........................................................................... വീട്ടിൽ ............................................................................ആളുടെ മകൾ/ഭാര്യ ആയ ഞാൻ ഇതിനാൽ വാഗ്ദാനം ചെയ്തിരിക്കുന്നു വായ്പ തുകയായ ............................................രൂപ മുഴുവനും റൊക്കം കിട്ടി ബോധിച്ചിരിക്കുന്നു.

**സാക്ഷികൾ** 1.

2.

പേരും ഒപ്പും

റവന്യൂ
സ്റ്റാമ്പ്

**Annexure-3**

## CMHLS വായ്പയ്ക്കുള്ള അപേക്ഷ

## (അയൽക്കൂട്ടം സമർപ്പിക്കേണ്ടത് )

ബാങ്കിന്റെ പേര്:.......................................... ബ്രാഞ്ച്:.................................................... അപേക്ഷാ തീയതി ....................

1. സി ഡി എസ്സിന്റെ പേര് :
2. എ ഡി എസ്സ്/വാർഡ് പേര്/നമ്പർ :
3. അയൽക്കൂട്ടത്തിന്റെ പേര് :
4. അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നമ്പർ/തീയ്യതി :
5. അഫിലിയേഷൻ പുതുക്കിയ തീയ്യതി :
6. അയൽക്കൂട്ടത്തിലെ ആകെ അംഗങ്ങളുടെ എണ്ണം :

| | | |
|---|---|---|
| 7. | അയൽക്കൂട്ടത്തിന്റെ നാളിതു വരെയുള്ള ആകെ സമ്പാദ്യം (അപേക്ഷാ തീയതി അനുസരിച്ച്) | |
| 8. | അയൽക്കൂട്ടം നാളിതുവരെ നൽകിയ ആകെ ആന്തരീക വായ്പ (അപേക്ഷാ തീയതി അനുസരിച്ച്) | |
| 9. | അയൽക്കൂട്ടം 2018 – 19 ഓഡിറ്റ് പൂർത്തീകരിച്ചതാണോ? | അതെ ☐ അല്ല ☐ |

10. CMHLS പ്രകാരം വായ്പാ തുക ആവശ്യമായ ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം :
11. CMHLS പ്രകാരം ആവശ്യമായ വായ്പാ തുക :

### വായ്പ ആവശ്യമായ അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ.നം | അംഗത്തിന്റെ പേര് | കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം | ആവശ്യമായ തുക | ആവശ്യങ്ങളുടെ ലഘു വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ തുക | | | | |

മേൽപറഞ്ഞ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| ഒപ്പ്, തീയ്യതി | ഒപ്പ്, തീയ്യതി |
| അയൽക്കൂട്ടം പ്രസിഡണ്ട് | അയൽക്കൂട്ടം സെക്രട്ടറി |
| പേര്, വിലാസം, ഫോൺനമ്പർ | പേര്, വിലാസം, ഫോൺ |

(അയൽക്കൂട്ടത്തിന്റെ മുദ്ര)

## എ ഡി എസ്സിന്റെ മേലൊപ്പ്

ഒപ്പ്, തീയ്യതി :

എ ഡി എസ്സ് ചെയർപേഴ്സൺ / സെക്രട്ടറി :

പേര് :

## സി ഡി എസ്സിന്റെ ശുപാർശ

............................................................ അയൽക്കൂട്ടത്തിന് CMHLS സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കാവുന്നതാണ്.

| | |
|---|---|
| ഒപ്പ്, തീയ്യതി | ഒപ്പ്, തീയ്യതി |
| സി.ഡി.എസ് ചെയർപേഴ്സൺ | മെമ്പർ സെക്രട്ടറി |
| പേര് | പേര് |

(ഓഫീസ് മുദ്ര)

## ബാങ്ക് ബ്രാഞ്ചുകൾ സി.ഡി.എസ്സിനു നൽകേണ്ട വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

.............................................................ബാങ്ക് ........................................................................................................ബ്രാഞ്ച്

**CMHLS വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്**

**സി ഡി എസ്സിന്റെ പേര് ...........................................................................**

| ക്രമ നം | അയൽക്കൂട്ടത്തിന്റെ പേര് | അഫിലിയേഷൻ നമ്പർ | വായ്പാ നമ്പർ/ തീയ്യതി | ആകെ അനുവദിച്ച വായ്പ | പലിശ നിരക്ക് | കാലാവധി (മാസം) | തവണ തുക | വാർഷീക പലിശ തുക (ആദ്യ വർഷം) | പലിശ തുക (ആദ്യ വർഷം) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | | | | | | | | | | |

**ഒപ്പ്, തീയ്യതി (സീൽ)**

ബ്രാഞ്ച് മാനേജർ

.......................................................................................... ബാങ്ക്

**ഒപ്പ്, തീയ്യതി (സീൽ)**

സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി

പേര്

## ജില്ലാ മിഷൻ തയ്യാറാക്കി സംസ്ഥാന മിഷന് നൽകേണ്ട ബാങ്ക്-ബ്രാഞ്ച്-സി.ഡി.എസ് തിരിച്ചുള്ള ക്രോഡീകരിച്ച വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

.....................................ജില്ല ..................... മാസം....................... വർഷം

| സി..ഡി.എസ്സിന്റെ പേര് | ബാങ്കിന്റെ പേര് | ബ്രാഞ്ചിന്റെ പേര് | അയൽക്കൂട്ടഎണ്ണം | വായ്പാതുക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| ആകെ | | | | |

**ഒപ്പ്, തീയ്യതി (സീൽ)**

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

............................................................................. കുടുംബശ്രീ ജില്ലാ മിഷൻ

## ബാങ്ക് സി.ഡി.എസ്സിനു നൽകേണ്ട വാർഷികപലിശ

## സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റിന്റെ മാതൃക

....................................................................ബാങ്ക് ....................................................................................ബ്രാഞ്ച്

............................................. മാസം ...................... വർഷം

സി ഡി എസ്സിന്റെ പേര്.....................................................................

| ക്രമ നം | അയൽക്കൂട്ടത്തിന്റെ പേര് | വായ്പാ നമ്പർ/ തീയ്യതി | വായ്പാ തുക | പലിശ നിരക്ക് | വായ്പാ നീക്കിയിരിപ്പ് | തിരിച്ചടവ് വിശദാംശങ്ങൾ (കഴിഞ്ഞ 12 മാസത്തെ) | വാർഷിക പലിശ തുക ........ വർഷം | പലിശ സബ്സിഡി തുക ................. | തിരിച്ചടവിൽ കുടിശ്ശിക ഉണ്ടെങ്കിൽ | മുതൽ | പലിശ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | തിരിച്ചടച്ച മുതൽ | തിരിച്ചടച്ച പലിശ | ഗഡു | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| ആകെ | | | | | | | | | | | |

ഒപ്പ്, തീയ്യതി (സീൽ)

ബ്രാഞ്ച് മാനേജർ

.......................................ബാങ്ക്

ഒപ്പ്, തീയ്യതി (സീൽ)

സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി

പേര്

## അയൽക്കൂട്ടത്തിന്റെ വായ്പാ രജിസ്റ്റർ
## (ഒരംഗത്തിന് ഒരു പേജ്)

അയൽക്കൂട്ടത്തിന്റെ പേര് :

അഫിലിയേഷൻ നമ്പർ:

ബാങ്കിന്റെ പേര് :

അക്കൗണ്ട് നമ്പർ :

വായ്പ തുക :

തിരിച്ചടവ് കാലം :

തിരിച്ചടവ് തുക :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വായ്പ നൽകിയ തീയ്യതി | വായ്പ തുക | വായ്പ യുടെ ആവശ്യം | തിരിചടച്ചു തീർത്ത തീയ്യതി | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**അംഗത്തിന്റെ പേര് :**

| തീയ്യതി | വായ്പതുക | പലിശ | തന്മാസം പലിശ ഉൾപ്പെടെ തിരിച്ചടക്കേണ്ട തുക | 1ാം ആഴ്ച | 2ാം ആഴ്ച | 3ാം ആഴ്ച | 4ാം ആഴ്ച | 5ാം ആഴ്ച | ആകെ | മാസാവസാനം തിരിച്ചടക്കേണ്ട ആകെ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

അനുബന്ധം – III

"മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-CMHLS)" പ്രകാരം അനുവദിച്ചിട്ടുള്ള വായ്പകളുടെ വിവരങ്ങൾ

ജില്ല.................................

| വായ്പ വിതരണം ചെയ്ത സ്ഥാപനം | വായ്പ ലഭ്യമായ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം | വായ്പ ലഭ്യമായ കുടുംബശ്രീ അംഗങ്ങളുടെ എണ്ണം | അനുവദിച്ച തുക(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | | | |
| പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ * | | | |
| മറ്റ് സഹകരണ സ്ഥാപനങ്ങൾ * | | | |
| ആകെ | | | |

* സ്ഥാപനം തിരിച്ചുള്ള ലിസ്റ്റ് സഹിതം(പ്രത്യേകം)

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ(ജനറൽ)